# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6504 — 21.11.2019-ൽ മറുപടി നൽകേണ്ടത്

**കുന്നം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ശോചനീയാവസ്ഥ**

| ചോദ്യം<br>ശ്രീ. ആർ.രാജേഷ് | | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര മണ്ഡലത്തിലെ കുന്നം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ഓട് പാകിയ കെട്ടിടങ്ങൾ അതീവ ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുന്നം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ഓടിട്ട കെട്ടിടത്തിന്റെ മേൽക്കൂരയുടെ ശോച്യാവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ യഥാസമയം അറിയിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള നിർദ്ദേശാനുസരണം തഴക്കര ഗ്രാമപഞ്ചായത്തിൽ കെട്ടിടം മെയിന്റനൻസ് ചെയ്യുന്നതിന് വേണ്ടി എസ്റ്റിമേറ്റ് എടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ആയതിൻ പ്രകാരം തഴക്കര ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗത്തിൽനിന്നും സ്കൂൾ സന്ദർശിച്ച് എസ്റ്റിമേറ്റ് എടുക്കുകയും ചെയ്തിട്ടുണ്ട്. . |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ നവീകരണത്തിനായി തുക അനുവദിക്കുമോയെന്നും നവീകരിച്ച് ഉപയോഗയോഗ്യമാക്കുമോയെന്നും വിശദമാക്കുമോ? | (ബി) | ജില്ലാ പഞ്ചായത്തിൽ നിന്നും തുക അനുവദിച്ച് കിട്ടിയിട്ടില്ല. കിട്ടുന്ന മുറയ്ക്ക് നവീകരണ പ്രവർത്തനങ്ങൾ തുടങ്ങുന്നതാണ്. എന്നിരുന്നാലും കുന്നം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് ഹയർ സെക്കൻഡറി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് G.O(Rt)No.2830/2018/G.EDN dt.25.07.2018 ഉത്തരവ് പ്രകാരം 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾക്കുവേണ്ട പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.